"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - മേലില ഗ്രാമപഞ്ചായത്ത് - 2013-2014, 2014-2015 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.11 – ടീച്ചേഴ്സ് ബാങ്ക്- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1599/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/09/2020**

പരാമർശം:- 1 മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/06/2018 ലെ HC/5181/2017 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 18/07/2018 ലെ PAN/20703/2018/M3 നമ്പർ കത്ത്.

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28/11/2019 ലെ DKSA/1374/2019/PT1 നമ്പർ കത്ത്

## ഉത്തരവ്

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്ത് 2013-2014 വർഷം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ടീച്ചേഴ്സ് ബാങ്ക് എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്ന് 40,000/- രൂപ പഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ സ്കൂളിലെ താത്ക്കാലിക ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനായി ചെലവഴിച്ചതിനാൽ ടി.തുക മേലില ഗ്രാമപഞ്ചായത്തിന്റെ 2013-2014, 2014-2015 വർ ഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

2 . പഞ്ചായത്തിലെ ബഹുഭൂരിപക്ഷം താഴെതട്ടിലുള്ളവരും, പട്ടിക ജാതിയിൽപ്പെട്ടവരുമായ കുട്ടികൾ പഠിക്കുന്നത് പഞ്ചായത്തിന് കൈമാറികിട്ടിയ രണ്ട് സ്കൂളുകളിലായിട്ടാണെന്നും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് ടി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത് എന്നും, പ്രദേശത്തുള്ള അഭ്യസ്തവിദ്യരായ താത്ക്കാലിക അദ്ധ്യാപകർക്കാണ് ഓണറേറിയം നൽകിയതെന്നും ആയതിനാൽ പദ്ധതിക്ക് സാധൂകരണം നല്കണമെന്നും 22-11-2017 ലെ യോഗത്തിലെ 16(5) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി സർക്കാരിനോട് അപേക്ഷിച്ചിരുന്നതും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 13.06.2018 ലെ യോഗത്തിലെ 15-ാം നമ്പർ അനുകൂല ശിപാർശ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു. .

3. പദ്ധതി മാർഗ്ഗ രേഖയിൽനിന്നും വ്യതിചലിച്ച് നടപ്പിലാക്കിയതിനാണ് ഓഡിറ്റിൽ തുക നിരാകരിച്ചതെന്നും എന്നാൽ 16/11/2013 ലെ സ ഉ(എം എസ്) 362/13/തസ്വഭവ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക് നിലവാരം ഉയർത്താൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും, മേലില ഗ്രാമപഞ്ചായത്തിന്റെ 22/11/2017 ലെ 16(5) നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ 15-ാം നമ്പർ ശിപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ച് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാർഗ്ഗരേഖയ്ക്ക് വിധേയമല്ലെങ്കിലും സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് ടീച്ചേഴ്സ് ബാങ്ക് എന്ന പദ്ധതി നടപ്പിലാക്കിയതെന്ന പഞ്ചായത്തിന്റെ വാദം കണക്കിലെടുത്ത് സദുദ്ദേശപരമായി നടപ്പിലാക്കപ്പെട്ട ഒരു പ്രോജക്ടാണിതെന്ന് വിലയിരുത്തി 2013-2014 വർഷം ടീച്ചേഴ്സ് ബാങ്ക് എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്ന് 40,000/- രൂപ (നാല്പതിനായിരം രൂപ) പഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ സ്കൂളിലെ താത്ക്കാലിക ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനായി ചെലവഴിച്ച മേലില ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**JAISY PAUL**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

സെക്രട്ടറി, മേലില ഗ്രാമപഞ്ചായത്ത്, ചെങ്ങമനാട് പി.ഒ, കൊട്ടാരക്കര, കൊല്ലം

ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് ആന്റ് ന്യൂ മീഡിയ, ഇൻ ഫർ മേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ